**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 499** **08-11-2021 - ൽ മറുപടിയ്ക്ക്**

**ദുരന്തമുഖത്ത് കെ.എസ്.ഇ.ബി. പ്രകടിപ്പിച്ച കാര്യക്ഷമത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി,<br>ശ്രീ എ. സി. മൊയ്തീൻ ,<br>ശ്രീ കെ യു ജനീഷ് കുമാർ,<br>ശ്രീ. എ. രാജ | | Shri. K. Krishnankutty<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് അടുത്തിടെയുണ്ടായ കനത്ത മഴയിലും പ്രകൃതി ദുരന്തങ്ങളിലും വൈദ്യുതി വിതരണം തടസ്സപ്പെടാതിരിക്കാൻ കാര്യക്ഷമമായി ഇടപെടുന്നതിന് കെ.എസ്.ഇ.ബി. ക്ക് കഴിഞ്ഞിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | ഉണ്ട്. 2021 ഒക്ടോബർ മാസത്തിലെ കനത്ത മഴയെ തുടർന്നുണ്ടായ പ്രളയത്തിൽ വളരെ വലിയ നാശനഷ്ടമാണ് കെ.എസ്.ഇ.ബിയുടെ വൈദ്യുതി വിതരണ സംവിധാനത്തിനുണ്ടായത്. പ്രാഥമിക കണക്കുകൾ പ്രകാരം സംസ്ഥാനത്താകെ 5165 വിതരണ ട്രാൻസ്ഫോർമറുകളുടെ കീഴിൽ വൈദ്യുതിവിതരണം പൂർണ്ണമായി തടസ്സപ്പെട്ടു. 7.72 ലക്ഷത്തിൽ അധികം ഉപഭോക്താക്കൾക്ക് വൈദ്യുതി തടസ്സപ്പെട്ടിരുന്നു. 100 വിതരണ ട്രാൻസ്ഫോർമറുകൾക്ക് കേടുപാടുണ്ടായി; ഇതിൽ 28 എണ്ണവും കോട്ടയം ജില്ലയിൽ ആണ്. ഹൈ ടെൻഷൻ ലൈനുകളിൽ 600 പോസ്റ്റുകളും, ലോ ടെൻഷൻ ലൈനുകളിൽ 2061 പോസ്റ്റുകളും തകർന്നു. ഹൈ ടെൻഷൻ വൈദ്യുതി കമ്പികൾ 488 സ്ഥലങ്ങളിലും, ലോ ടെൻഷൻ കമ്പികൾ 8156 സ്ഥലങ്ങളിലും പൊട്ടിവീണു; എറണാകുളം ജില്ലയിൽ മാത്രം ആയിരത്തിഅഞ്ഞൂറിൽപരം ഭാഗങ്ങളിലാണ് വൈദ്യുതികമ്പി പൊട്ടിയിട്ടുള്ളത്. മലപ്പുറത്ത് 1072 സ്ഥലത്തും കോട്ടയത്ത് 1048 സ്ഥലത്തും വൈദ്യുതികമ്പി പൊട്ടി. പോസ്റ്റുകളും ട്രാൻസ്ഫോർമറുകളും തകർന്നതിനാൽ വൈദ്യുതി ബന്ധം വിച്ഛേദിക്കപ്പെട്ട എല്ലാ പ്രദേശങ്ങളിലും ഇതിനോടകം വൈദ്യുതി ബന്ധം പുനസ്ഥാപിക്കാൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ കൂട്ടിക്കൽ പ്രദേശത്തെ പൂർണ്ണമായും ഒലിച്ചു പോയതും പുന: സ്ഥാപിക്കുവാൻ പറ്റാത്തതുമായ 80 ഓളം വീടുകൾ/ സ്ഥാപനങ്ങൾ, ഇടുക്കി ജില്ലയിലെ പെരുവന്താനം പ്രദേശത്തെ പതിനഞ്ചോളം വീടുകൾ എന്നിവിട ങ്ങളിൽ സുരക്ഷാ കാരണങ്ങളാൽ ഇപ്പോഴും വൈദ്യുതി ബന്ധം പുനസ്ഥാപിക്കാൻ കഴിഞ്ഞിട്ടില്ല. വിതരണ ശൃംഖലയുടെ പുന:സ്ഥാപന പ്രവർത്തനങ്ങൾ |

| | | | |
|---|---|---|---|
| | | | ഏകോപിപ്പിക്കുന്നതിന് സംസ്ഥാ നാടിസ്ഥാനത്തിൽ ഒരു കൺട്രോൾ റൂം, മിഷൻ സെന്റർ എന്ന നിലയ്ക്ക് തിരുവനന്തപുരം വൈദ്യുതിഭവൻ കേന്ദ്രീകരിച്ച് പ്രവർത്തനം ആരംഭിച്ചു. സർക്കിൾ തല പ്രവർത്തനങ്ങളുടെ ഏകോപനം അതാത് ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ മാരുടെ മേൽനോട്ടത്തിൽ പ്രോജക്റ്റ് മാനേജ്മെന്റ് യൂണിറ്റുകൾക്ക് ആണ്. കോവിഡ്-19 ചികിത്സ ഉൾപ്പെടെയുള്ള ആശുപത്രികൾ, ഓക്സിജൻ നിർമ്മാണ/റീ-ഫില്ലിംഗ് കേന്ദ്രങ്ങൾ, കേരള വാട്ടർ അതോറിറ്റിയുടെ പമ്പ് ഹൗസുകൾ എന്നിവിടങ്ങളിൽ വൈദ്യുതി ഉറപ്പു വരുത്തുന്നതിനും, HT ശൃംഖല പുന:സ്ഥാപിക്കുന്നതിനും ആണ് പ്രത്യേക മുൻഗണന നൽകിയത്. തുടർന്ന് LT വിതരണ ശൃംഖലയുടെ പ്രശ്നങ്ങളും, വ്യക്തിഗത പ്രശ്നങ്ങളും പരിഹരിക്കുവാൻ സാധിച്ചു. |
| (ബി) | ഇതിനായി കെ.എസ്.ഇ.ബി. ലിമിറ്റഡ് നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ; | (ബി) | ഉണ്ട്. 2021 ഒക്ടോബർ മാസത്തിലെ കനത്ത മഴയെ തുടർന്നുണ്ടായ പ്രളയത്തിൽ വളരെ വലിയ നാശനഷ്ടമാണ് കെ.എസ്.ഇ.ബിയുടെ വൈദ്യുതി വിതരണ സംവിധാനത്തിനുണ്ടായത്. പ്രാഥമിക കണക്കുകൾ പ്രകാരം സംസ്ഥാനത്താകെ 5165 വിതരണ ട്രാൻസ്ഫോർമറുകളുടെ കീഴിൽ വൈദ്യുതിവിതരണം പൂർണ്ണമായി തടസ്സപ്പെട്ടു. 7.72 ലക്ഷത്തിൽ അധികം ഉപഭോക്താക്കൾക്ക് വൈദ്യുതി തടസ്സപ്പെട്ടിരുന്നു. 100 വിതരണ ട്രാൻസ്ഫോർമറുകൾക്ക് കേടുപാടുണ്ടായി; ഇതിൽ 28 എണ്ണവും കോട്ടയം ജില്ലയിൽ ആണ്. ഹൈ ടെൻഷൻ ലൈനുകളിൽ 600 പോസ്റ്റുകളും, ലോ ടെൻഷൻ ലൈനുകളിൽ 2061 പോസ്റ്റുകളും തകർന്നു. ഹൈ ടെൻഷൻ വൈദ്യുതി കമ്പികൾ 488 സ്ഥലങ്ങളിലും, ലോ ടെൻഷൻ കമ്പികൾ 8156 സ്ഥലങ്ങളിലും പൊട്ടിവീണു; എറണാകുളം ജില്ലയിൽ മാത്രം ആയിരത്തിഅഞ്ഞൂറിൽപരം ഭാഗങ്ങളിലാണ് വൈദ്യുതികമ്പി പൊട്ടിയിട്ടുള്ളത്. മലപ്പുറത്ത് 1072 സ്ഥലത്തും കോട്ടയത്ത് 1048 സ്ഥലത്തും വൈദ്യുതികമ്പി പൊട്ടി. പോസ്റ്റുകളും ട്രാൻസ്ഫോർമറുകളും തകർന്നതിനാൽ വൈദ്യുതി ബന്ധം വിച്ഛേദിക്കപ്പെട്ട എല്ലാ പ്രദേശങ്ങളിലും ഇതിനോടകം വൈദ്യുതി ബന്ധം പുനസ്ഥാപിക്കാൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ കൂട്ടിക്കൽ പ്രദേശത്തെ പൂർണ്ണമായും ഒലിച്ചു പോയതും പുന: സ്ഥാപിക്കുവാൻ പറ്റാത്തതുമായ 80 ഓളം വീടുകൾ/ സ്ഥാപനങ്ങൾ, ഇടുക്കി ജില്ലയിലെ പെരുവന്താനം പ്രദേശത്തെ പതിനഞ്ചോളം വീടുകൾ എന്നിവിട ങ്ങളിൽ സുരക്ഷാ കാരണങ്ങളാൽ ഇപ്പോഴും വൈദ്യുതി ബന്ധം പുനസ്ഥാപിക്കാൻ കഴിഞ്ഞിട്ടില്ല. വിതരണ |

| | | | |
|---|---|---|---|
| | | | ശൃംഖലയുടെ പുന:സ്ഥാപന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് സംസ്ഥാ നാടിസ്ഥാനത്തിൽ ഒരു കൺട്രോൾ റൂം, മിഷൻ സെന്റർ എന്ന നിലയ്ക്ക് തിരുവനന്തപുരം വൈദ്യുതിഭവൻ കേന്ദ്രീകരിച്ച് പ്രവർത്തനം ആരംഭിച്ചു. സർക്കിൾ തല പ്രവർത്തനങ്ങളുടെ ഏകോപനം അതാത് ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ മാരുടെ മേൽനോട്ടത്തിൽ പ്രോജക്റ്റ് മാനേജ്മെന്റ് യൂണിറ്റുകൾക്ക് ആണ്. കോവിഡ്-19 ചികിത്സ ഉൾപ്പെടെയുള്ള ആശുപത്രികൾ, ഓക്സിജൻ നിർമ്മാണ/റീ-ഫില്ലിംഗ് കേന്ദ്രങ്ങൾ, കേരള വാട്ടർ അതോറിറ്റിയുടെ പമ്പ് ഹൗസുകൾ എന്നിവിടങ്ങളിൽ വൈദ്യുതി ഉറപ്പു വരുത്തുന്നതിനും, HT ശൃംഖല പുന:സ്ഥാപിക്കുന്നതിനും ആണ് പ്രത്യേക മുൻഗണന നൽകിയത്. തുടർന്ന് LT വിതരണ ശൃംഖലയുടെ പ്രശ്നങ്ങളും, വ്യക്തിഗത പ്രശ്നങ്ങളും പരിഹരിക്കുവാൻ സാധിച്ചു. |
| (സി) | പ്രകൃതി ദുരന്തത്തിൽ കെ.എസ്.ഇ.ബി.യ്ക്ക് ഉണ്ടായ നാശനഷ്ടങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (സി) | ഉണ്ട്. 2021 ഒക്ടോബർ മാസത്തിലെ കനത്ത മഴയെ തുടർന്നുണ്ടായ പ്രളയത്തിൽ വളരെ വലിയ നാശനഷ്ടമാണ് കെ.എസ്.ഇ.ബിയുടെ വൈദ്യുതി വിതരണ സംവിധാനത്തിനുണ്ടായത്. പ്രാഥമിക കണക്കുകൾ പ്രകാരം സംസ്ഥാനത്താകെ 5165 വിതരണ ട്രാൻസ്ഫോർമറുകളുടെ കീഴിൽ വൈദ്യുതിവിതരണം പൂർണ്ണമായി തടസ്സപ്പെട്ടു. 7.72 ലക്ഷത്തിൽ അധികം ഉപഭോക്താക്കൾക്ക് വൈദ്യുതി തടസ്സപ്പെട്ടിരുന്നു. 100 വിതരണ ട്രാൻസ്ഫോർമറു കൾക്ക് കേടുപാടുണ്ടായി; ഇതിൽ 28 എണ്ണവും കോട്ടയം ജില്ലയിൽ ആണ്. ഹൈ ടെൻഷൻ ലൈനുകളിൽ 600 പോസ്റ്റുകളും, ലോ ടെൻഷൻ ലൈനുകളിൽ 2061 പോസ്റ്റുകളും തകർന്നു. ഹൈ ടെൻഷൻ വൈദ്യുതി കമ്പികൾ 488 സ്ഥലങ്ങളിലും, ലോ ടെൻഷൻ കമ്പികൾ 8156 സ്ഥലങ്ങളിലും പൊട്ടിവീണു; എറണാകുളം ജില്ലയിൽ മാത്രം ആയിരത്തിഅഞ്ഞൂറിൽപരം ഭാഗങ്ങളിലാണ് വൈദ്യുതികമ്പി പൊട്ടിയിട്ടുള്ളത്. മലപ്പുറത്ത് 1072 സ്ഥലത്തും കോട്ടയത്ത് 1048 സ്ഥലത്തും വൈദ്യുതികമ്പി പൊട്ടി. ലഭ്യമായ കണക്കുകൾ പ്രകാരം കെ.എസ്.ഇ.ബി.എൽ. വിതരണ വിഭാഗത്തിന് കീഴിൽ ഈ പ്രളയം മൂലം സംഭവിച്ച സാമ്പത്തിക നഷ്ടം 24.24 കോടി രൂപയാണെന്ന് കണക്കാക്കുന്നു. കോട്ടയം (₹3.97 കോടി), എറണാകുളം (₹3.51 കോടി), മലപ്പുറം (₹2.54 കോടി) ജില്ലകളിലാണ് ഏറ്റവും അധികം നാശനഷ്ടം ഉണ്ടായിട്ടുള്ളത്. ഇൻവെസ്റ്റിഗേഷൻ ഡിവിഷൻ ഓഫീസ് കോഴിക്കോട് 2021-22ൽ സംഭവിച്ച മഴക്കെടുതിയിൽ ഈ ഓഫീസിന്റെ പരിധിയിലുള്ള |

| | | | |
|---|---|---|---|
| | | | ഒരു ചുറ്റു മതിൽ തകർന്ന് ഏകദേശം 1,00,000/- രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. അങ്കമാലി ബിൽഡിംഗ് & സ്റ്റോർ ഡിവിഷൻ ഈ ഡിവിഷന്റെ പരിധിയിൽ 50,000/ രൂപയുടെ നാശനഷ്ടമുണ്ടായി. |
| (ഡി) | പോസ്റ്റുകളും ട്രാൻസ്ഫോർമറുകളും തകർന്നതിനാൽ വൈദ്യുതി ബന്ധം വിച്ഛേദിക്കപ്പെട്ട സ്ഥലങ്ങളിൽ ആയത് പുന:സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ടോ; ഇതിനായി ഏർപ്പെടുത്തിയിട്ടുള്ള ക്രമീകരണങ്ങൾ വിശദമാക്കുമോ? | (ഡി) | പോസ്റ്റുകളും ട്രാൻസ്ഫോർമറുകളും തകർന്നതിനാൽ വൈദ്യുതി ബന്ധം വിച്ഛേദിക്കപ്പെട്ട എല്ലാ പ്രദേശങ്ങളിലും ഇതിനോടകം വൈദ്യുതി ബന്ധം പുന:സ്ഥാപിക്കാൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ കൂട്ടിക്കൽ പ്രദേശത്തെ പൂർണ്ണമായും ഒലിച്ചു പോയതും പുന: സ്ഥാപിക്കുവാൻ പറ്റാത്തതുമായ 80 ഓളം വീടുകൾ/ സ്ഥാപനങ്ങൾ, ഇടുക്കി ജില്ലയിലെ പെരുവന്താനം പ്രദേശത്തെ പതിനഞ്ചോളം വീടുകൾ എന്നിവിടങ്ങളിൽ സുരക്ഷാ കാരണങ്ങളാൽ ഇപ്പോഴും വൈദ്യുതി ബന്ധം പുന:സ്ഥാപിക്കാൻ കഴിഞ്ഞിട്ടില്ല. വിതരണ ശൃംഖലയുടെ പുന:സ്ഥാപന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് സംസ്ഥാ നാടിസ്ഥാനത്തിൽ ഒരു കൺട്രോൾ റൂം, മിഷൻ സെന്റർ എന്ന നിലയ്ക്ക് തിരുവനന്തപുരം വൈദ്യുതിഭവൻ കേന്ദ്രീകരിച്ച് പ്രവർത്തനം ആരംഭിച്ചു. സർക്കിൾ തല പ്രവർത്തനങ്ങളുടെ ഏകോപനം അതാത് ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ മാരുടെ മേൽനോട്ടത്തിൽ പ്രോജക്റ്റ് മാനേജ്മെന്റ് യൂണിറ്റുകൾക്ക് ആണ്. കോവിഡ്-19 ചികിത്സ ഉൾപ്പെടെയുള്ള ആശുപത്രികൾ, ഓക്സിജൻ നിർമ്മാണ/റീ-ഫില്ലിംഗ് കേന്ദ്രങ്ങൾ, കേരള വാട്ടർ അതോറിറ്റിയുടെ പമ്പ് ഹൗസുകൾ എന്നിവിടങ്ങളിൽ വൈദ്യുതി ഉറപ്പു വരുത്തുന്നതിനും, HT ശൃംഖല പുന:സ്ഥാപിക്കുന്നതിനും ആണ് പ്രത്യേക മുൻഗണന നൽകിയത്. തുടർന്ന് LT വിതരണ ശൃംഖലയുടെ പ്രശ്നങ്ങളും, വ്യക്തിഗത പ്രശ്നങ്ങളും പരിഹരിക്കുവാൻ സാധിച്ചു. |

സെക്ഷൻ ഓഫീസർ